കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കടമക്കുടി ഗ്രാമപഞ്ചായത്ത്- വിവാഹ ധനസഹായം നൽകാൻ അനുമതി -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.696/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 14.03.2018

വായന :- 1. കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2017-ലെ S2-144/17-ാം നമ്പർ കത്തും, 24.10.2017-ലെ 25(1) നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018-ലെ തീരുമാനം നം. 4.3(ii)

**ഉത്തരവ്**

ശ്രീമതി ഓമന രാജപ്പൻ, പുതുശ്ശേരിപറമ്പിൽ വീട്, ചരിയംതുരുത്ത് എന്ന ആളുടെ മകളുടെ വിവാഹ ധനസഹായത്തിന് നിശ്ചിത ദിവസത്തിനകം അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഇവർക്ക് വിവാഹ ധനസഹായം നൽകാൻ അനുമതി നൽകണമെന്ന് മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 06.02.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.3(ii) നമ്പർ തീരുമാനപ്രകാരം ശ്രീമതി ഓമന രാജപ്പൻ, പുതുശ്ശേരിപറമ്പിൽ വീട്, ചരിയംതുരുത്ത് എന്ന അപേക്ഷകയ്ക്ക് വിവാഹധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രസിഡണ്ട്, കടമക്കുടി ഗ്രാമപഞ്ചായത്ത്, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ